29 November 2024
٢٧ جمادى الأول ١٤٤٦

RSK

INSIGHT
Family Magazine

Issue #2 29/11/2024 rskinsight@gmail.com

RSK (റിയാദ് സയ്യിദ് കൂട്ടായ്മ) നമുക്ക് അഭിമാനിക്കാം

Said Mohammed | President RSK

ഡിസംബർ 16 - 2013 ലാണ് നമ്മുടെ കൂട്ടായ്മയുടെ തുടക്കം. ജനുവരി 2016 ൽ **RSK (റിയാദ് സയ്യിദ് കൂട്ടായ്മ)** എന്ന് നാമകരണം ചെയ്തു . അന്ന് പ്രവർത്തനം ആരംഭിച്ച ഈ കൂട്ടായ്മ തുടക്കത്തിലുണ്ടായിരുന്ന അതെ ഊർജ്ജസ്വലതയോടെ തന്നെ ഇപ്പോഴും അതിന്റെ പ്രവർത്തനങ്ങൾ വിപുലമായി നടത്തിക്കൊണ്ടിരിക്കുന്നു. നമ്മുടെ പരിമിതിയിൽ നിന്നും കൊണ്ട് തന്നെ കുറെയേറെ കാര്യങ്ങൾ നമുക്ക് ചെയ്യാൻ സാധിച്ചിട്ടുണ്ട്.

അതിനിടക്ക് ലോകത്തെ തന്നെ സ്തംഭിപ്പിച്ച കൊറോണ കാലഘട്ടവും കടന്നു പോയി. ആ കാലഘട്ടത്തിലും നമ്മുടെ പ്രവർത്തനങ്ങൾക്ക് തളർച്ച നേരിട്ടിട്ടില്ല എന്ന് ഞാൻ ഇപ്പോഴും അഭിമാനത്തോടെ ഓർക്കുന്നു. ആർക്കും പുറത്തിറങ്ങാൻ സാധിക്കാതെ, എല്ലാ അർത്ഥത്തിലും ശരിക്കും നിശ്ചലമായ ആ അവസ്ഥയിലും നമ്മളാൽ കഴിയുന്ന സാമ്പത്തിക സഹായങ്ങളും മറ്റും നമ്മുടെ കുടുംബക്കാർക്കു നൽകാൻ സാധിച്ചു എന്നതിൽ വളരെ ചാരിതാർഥ്യമുണ്ട് .

പല ചെറിയ കഴിവുകളുമുള്ള കുറച്ചു സയ്യിദന്മാരുടെ കഴിവുകൾ കോർത്തിണക്കി ഒരു വലിയ കഴിവാക്കിയാണ് നമ്മുടെ കൂട്ടായ്മ മുമ്പോട്ട് പോയിക്കൊണ്ടിരിക്കുന്നത്. അതിൽ സാധാരണക്കാരായ തൊഴിലാളികൾ മുതൽ ഉയർന്ന പദവികൾ അലങ്കരിക്കുന്ന വ്യക്തിത്വങ്ങൾവരെ നമ്മുടെ കൂട്ടത്തിൽ ഉണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ഓരോരുത്തരും അവരവരുടെ ഉത്തരവാദിത്വങ്ങൾ വളരെ കൃത്യമായി ചെയ്യുന്നു എന്നത് നമ്മുടെ എടുത്തു പറയേണ്ട ഒരു പ്രത്യേകതയാണ്. ഞാൻ മേൽ സൂചിപ്പിച്ചതുപോലെ നമ്മുടെ തുടക്കം മുതലുള്ള ഊർജ്ജസ്വലതയും ചടുലമായ പ്രവർത്തനങ്ങളും യാതൊരു കോട്ടവും തട്ടാതെ ഈ നിമിഷത്തിലും നമുക്ക് മുമ്പോട്ടു കൊണ്ട് പോകാൻ സാധിക്കുന്നുണ്ട്. ഞാനിതു കുറിക്കുമ്പോഴും നമ്മുടെ RSK പ്രീമിയർ ലീഗ് ഫുട്ബാൾ മത്സരങ്ങൾ വളരെ വിപുലമായി തന്നെ നടന്നു കൊണ്ടിരിക്കുകയാണ്. കൂടാതെ പ്രോഗ്രാം കമ്മിറ്റി നമ്മുടെ ഫാമിലി മീറ്റിന്റെ പ്രവർത്തനങ്ങൾ ഉത്സാഹപൂർവ്വം മുന്നോട്ട് കൊണ്ടുപോകുകയും ചെയ്യുന്നു. എല്ലാ അർത്ഥത്തിലും ഒരുപാട് പരിമിതികളുള്ള എന്നിലാണ് 2024 - 2025 കാലഘട്ടങ്ങളിൽ ഈ കൂട്ടായ്മയെ നയിക്കാനുള്ള ഉത്തരവാദിത്തം ഏൽപ്പിച്ചിട്ടുള്ളത്. ഈ കാലയളവിൽ കൂട്ടായ്മയുടെ തേരാളിയാകാൻ സാധിച്ചതിൽ എനിക്ക് വളരെ അഭിമാനമുണ്ട്. അള്ളാഹു നമ്മുടെ ബന്ധങ്ങൾ കൂടുതൽ ദൃഢമാക്കട്ടെ.. (ആമീൻ)

The 5 business principles of Caliph Uthman (R:A)




Sayyid Mohammed Sawad
S/O Said Mohammed

Uthman ibn Affan, the third Caliph of Islam, is celebrated for his devoutness, leadership, and contributions to the early Islamic state. Beyond his role as a caliph, He was also a prosperous businessman, which significantly influenced his personal wealth and his capacity to support the emerging Muslim community and its expansion. His business expertise inherited and refined through his family's commercial endeavours, offers valuable perspectives on the connection between his economic background and his leadership.

Caliph Uthman ibn Affan, had a notable family background. Uthman's clan and tribe belonged to the powerful and affluent Umayyad clan of the Quraysh tribe in Mecca. He was born in 576 CE into a prominent and wealthy family. It is also related to the family of Prophet Muhammad (PBUH). Before and after coming to Islam, there were economic and social gains. His father, Affan ibn Abi al-As, was a successful merchant, which contributed to Uthman's wealth and business acumen. His mother, Arwa bint Kurayz, was also from a prominent family. Affan died in the pre-Islamic period when he went to Sham for trade. He was one of the richest men in Mecca. His wealth and status gave him a lot of influence in the Quraysh tribe, which ruled Mecca. The Quraysh tribe controlled the trade routes in Arabia and Affan's business was deeply involved in these profitable trade operations. He traded goods like textiles, spices, and other valuable items with nearby regions including Syria, Yemen and Abyssinia (modern-day Ethiopia). The Quraysh tribe was connected through various family ties, and Affan's family was well-connected in this network. These connections were crucial for making and keeping business relationships. Affan took part in and led merchant caravans, which were essential for Mecca's trade economy. These caravans travelled long distances, ensuring a steady flow of goods and wealth to Mecca. Affan, like many Quraysh merchants was known for his honesty and integrity in business. This reputation helped build trust and long-term partnerships with other merchants and trading partners.

To be continued..



RSK പ്രീമിയർ ലീഗിന് ഗംഭീരമായ തുടക്കം

റിയാദ് : RSK പ്രീമിയർ ലീഗ് സീസൺ 3 നു, അസീസിയയിലെ 'അസിസ്റ്റ് ഫുട്ബാൾ അക്കാദമി' ഗ്രൗണ്ടിൽ 15 നവംബർ 2024 വെള്ളിയാഴ്ച പ്രൗഢോജ്വല തുടക്കം കുറിച്ചു.

RSK പ്രസിഡന്റ് സൈദ് മുഹമ്മദ് കോയ തങ്ങൾ ഉദ്ഘാടനം നിർവഹിച്ചു. RSK അഡ്വൈസറി അംഗം സയ്യിദ് ഹസ്സൻ ഹദ്ദാദ് പൂക്കോയ തങ്ങളും, RSK ഫാമിലി സപ്പോർട്ട് വിങ് കൺവീനർ സയ്യിദ് അബ്ദുൾറഹ്മാൻ ജിഫ്രി തങ്ങളും ചേർന്നു കിക്കോഫ് ചെയ്തു ലീഗിന് ഔദ്യോഗിക തുടക്കം കുറിച്ചു. RSK ജനറൽ സെക്രട്ടറി സയ്യിദ് ജാഫർ തങ്ങൾ കോളിക്കൽ ടീം മാനേജർമാരെ പരിചയപ്പെടുത്തി. ലീഗിന്റെ നിയമാവലിയെ കുറിച്ചും, പൊതുവായ ഉദ്ദേശ ലക്ഷ്യങ്ങളെ കുറിച്ചും സയ്യിദ് ജാഫർ തങ്ങൾ ചാവക്കാട് വിശദീകരിച്ചു.

സയ്യിദ് ഇദിരീസ് ബഹസ്സൻ തങ്ങൾ നയിക്കുന്ന TITANS, സയ്യിദ് സീതി തങ്ങൾ നയിക്കുന്ന SOCCER CITY, സയ്യിദ് ശിഹാബ് തങ്ങൾ നയിക്കുന്ന LAVENTE, സയ്യിദ് മൻസൂർ തങ്ങൾ നയിക്കുന്ന IGNITE എന്നീ നാല് ടീമുകൾ ആണ് ഇത്തവണ മാറ്റുരക്കുന്നത്.



എന്റെ ഗ്രാമം

ഉംറ അബ്ദുറഹിമാൻ ജിഫ്രി



ആകാശവാണി,
തിരുവനന്തപുരം, ആലപ്പുഴ, തൃശൂർ, കോഴിക്കോട് .... എന്റെ ഗ്രാമം...

ഇന്ന് എന്റെ ഗ്രാമം എന്ന പരിപാടി അവതരിപ്പിക്കുന്നത് കഥാകാരൻ രഘുനാഥ് പാലേരി..

കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഗ്രാമാന്തരീക്ഷം പ്രമേയമാക്കി ആകാശവാണിയും ദൂരദർശനുമൊക്കെ അവതരിപ്പിച്ചിരുന്ന പ്രസ്തുത പരിപാടിക്ക് ഏറെ ശ്രോതാക്കളും പ്രേക്ഷകരുമുണ്ടായിരുന്നു..

അന്ന് മുതിർന്നവർ കേട്ടും കണ്ടും പരിചയപ്പെട്ട പല ഗ്രാമങ്ങളും ഗ്രാമ ഭംഗിയും ഇന്ന് സത്യൻ അന്തിക്കാടിന്റെ കണ്ണിലേക്കും സന്തോഷ് ശിവന്റെ ക്യാമറയിലേക്കും ചുരുങ്ങിയിരിക്കുന്നു...

അന്ന് സിനിമകൾക്ക് വേണ്ടി പട്ടണം സെറ്റിട്ടായിരുന്നു പകർത്തിയിരുന്നെങ്കിൽ ഇന്ന് ഗ്രാമത്തിന്റെ വിശുദ്ധിയും നയനമനോഹര ദൃശ്യങ്ങളും പകർത്തുന്നത് കൃത്യമമായി ഉണ്ടാക്കിയെടുന്ന ഫ്രെയിമുകളെ ആധാരമാക്കിയാണ്..കുന്നും മലയും പുഴയും തോടും വയലും തണൽ മരങ്ങളും തണ്ണീർ തടങ്ങളും വർഷങ്ങൾക്ക് മുന്നെ മനുഷ്യൻറെ കണ്ണിൽ പതിയാൻ പുറത്തിറങ്ങി കുറച്ചു ദൂരം നടന്നാൽ മാത്രം മതിയായിരുന്നു...

ഇന്ന് നടത്തം തന്നെ അന്യം നിന്നൊരു കലയാണ്..

പ്രകൃതിയുമായുള്ള മനുഷ്യൻറെ ഇഴയടുപ്പവും അതിന്റെ തുടിപ്പും മിടിപ്പും അവനവൻറെ ഗ്രാമങ്ങളിൽ തുടങ്ങുകയും ഒടുങ്ങുകയും ചെയ്തിരുന്ന മനോഹരമായൊരു കാലം ഇന്നത്തെ സിനിമകൾക്ക് പോലും അജ്ഞമാണ്.

വളരെ അപൂർവ്വം ദേശങ്ങളിൽ മാത്രമാണ് പഴയ ഗ്രാമപശ്ചാത്തലം നിലനിൽക്കുന്നത്..

മഴയത്തൊന്ന് പുറത്തിറങ്ങി നടക്കാനും ചുറ്റുവട്ട കാഴ്ചകൾ കാണാനും സാധിച്ചാൽ ഗ്രാമത്തിന്റെ മണ്ണും മനസ്സും ഗന്ധവും ഉൾക്കൊള്ളാനും ആസ്വദിക്കാനുമാവും....

ഗ്രാമഹൃദയങ്ങളിലെ താളം നിലക്കുന്നതോടെ നഷ്ടത്തിലാവുക ഇന്നവശേഷിക്കുന്ന ആവാസവ്യവസ്ഥയും (ecosystem) സമാധാനാന്തരീക്ഷവുമാണ്..

(Tranquility) ഒഴിവ് ദിനങ്ങളിൽ കുട്ടികളുമായി പറമ്പിലും പാടത്തുമൊക്കെ ഒന്ന് ചുറ്റാനും തൊട്ടടുത്തെ ഗ്രാമത്തിലെ പ്രകൃതിരമണീയ കാഴ്ചകൾ കാണിച്ചു കൊടുത്ത് പൂർവ്വികരുടെ ജീവിതവും അവർക്കിടയിൽ നിലനിന്നിരുന്ന പരസ്പര പൊരുത്തവും ഊഷ്മള സ്നേഹവും മക്കളെ ബോധ്യപ്പെടുത്താനും ശ്രമിച്ചാൽ മനുഷ്യനെ അലട്ടിക്കൊണ്ടിരിക്കുന്ന പല സമാധാനക്കേടിനും (Restlessness) ആശ്വാസവും ശാന്തിയും ലഭിക്കും..തീർച്ച...

വായനക്കിടയിൽ (അമ്പ്)

വാക്കിൽ കൊരുത്തതും വില്ലിനാലുള്ളതുമായ്,
രണ്ടു രൂപത്തിലാണമ്പുഭൂവിതിൽ.
മുൻപനായ് ലക്ഷ്യത്തിലേക്കൂ – പിഴക്കാതെ
മുന്നേറിടും വാക്കിന്നസ്ത്ര മാണൊന്നിതിൽ.
അസ്ത്രമേൽപിക്കും മുറിവങ്ങുണങ്ങിടും,
വാക്കിൻ പരിക്കുകൾ മായാതെ നിന്നിടും.
പേടിക്ക നിന്നോട് ദേഷ്യ ത്തിലാകുവോർ
പ്രാർത്ഥിച്ചിടും വാക്കി – നത്യാഹിതങ്ങളെ.

സമ്മാധാനം
ജഹ്ഫർ തങ്ങൾ,
കോളിക്കൽ.



Published by: RSK INSIGHT Magazine sub committee | *Design/Lay-out & Edited by:* Shihab Thangal | *Proof Reading & Review:* Sayyid Abdul Rahman Jifry | *Technical Support:* Syed JafarThangal